'വരുമിഹ സുജനാപവാദ പാപം
പരനു ചെയ്‌വതു കേട്ടിരിപ്പവർക്കും'

എന്ന കാളിദാസപദ്യമാണ് ഈ കുറിപ്പെഴുതാൻ എന്നെ പ്രേരിപ്പിച്ചതു്. ശ്രീ മറവൂർ ക്ഷമിക്കുക!

(26 ഡിസംബർ, 1985)

# 36. ടാഗോർ ജന്മവാർഷിക ചിന്തകൾ

1986 മെയ് 9—ാം തീയതി മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 125—ാം ജന്മവാർഷികം ഇന്ത്യയിൽ പലേടത്തും ആഘോഷിക്കുകയുണ്ടായി. അന്നു പൊതു ഒഴിവു് ഇന്ത്യാഗവണ്മെന്റ് പ്രഖ്യാപിച്ചു. ടാഗോറിന്റെ ബഹുമുഖപ്രതിഭയെ പ്രേക്ഷകർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്ന പരിപാടികൾ തുടർച്ചയായി മൂന്നു ദിവസം ദൂരദർശനിൽ പ്രദർശിപ്പിക്കപ്പെട്ടു. മഹാകവിയുടെ ജന്മവാർഷികം ഒരു ദേശീയോത്സവമാക്കുന്നതു സംബന്ധിച്ച് ഇന്ത്യാഗവണ്മെന്റ് പെട്ടെന്നു് ഒരു തീരുമാനമെടുക്കുകയാണുണ്ടായതെന്നു തോന്നുന്നു. അതിനാൽ, ആഘോഷങ്ങൾ മുൻകൂട്ടി ആസൂത്രണംചെയ്യപ്പെട്ടില്ല; അവയിൽ സ്വമേധയാ പങ്കുചേരുവാൻ പൊതുജനങ്ങൾക്കു് അവസരം ലഭിച്ചുമില്ല. ബംഗാളിൽ ഇടിഞ്ഞു താഴ്ന്നുകിടക്കുന്ന കോൺഗ്രസ് സ്വാധീനം ഉയർത്തിക്കൊണ്ടുവരുന്നതിനു് ശ്രീ രാജീവ് ഗാന്ധി കൈക്കൊണ്ട ഒരു സൂത്രമായിരുന്നു ഈ സ്വാദ്ശതാബ്ദ്യാഘോഷമെന്നു പലരും ആക്ഷേപിച്ചു. ഈ ആക്ഷേപത്തിൽ സത്യം ഉണ്ടായിക്കൂടായ്കയില്ല. എങ്കിലും, എന്തു് ഉദ്ദേശ്യത്തോടെയാണെങ്കിലും, മഹാകവിയുടെ അനന്യസാധാരണങ്ങളായ ഉപലബ്ധികളെ അനുസ്മരിക്കുവാൻ ഒരവസരം ജനങ്ങൾക്കു നൽകിയ ഇന്ത്യാഗവണ്മെന്റ് തീർച്ചയായും അഭിനന്ദനം അർഹിക്കുന്നുണ്ട്. കാളിദാസന്റെ മരണത്തിനുശേഷം, ടാഗോറിനെപ്പോലെ ഒരു കവി ജനിക്കുവാൻ ഇന്ത്യ രണ്ടായിരം സംവത്സരങ്ങളോളം കാത്തിരിക്കേണ്ടിവന്നു. ഈ രണ്ടു പ്രതിഭാശാലികളോടുമൊപ്പം തലപ്പൊക്കമുള്ള മറെറാരു കവി ഈ നാട്ടിൽ ഇനി എന്നു പിറക്കുമെന്നു പറയാനാവില്ല. ഭൗതികനേട്ടങ്ങളെ ച്ചൊല്ലി ഇന്ത്യക്കാരായ നമുക്കു വളരെക്കുറച്ചേ അഭിമാനിക്കാനുള്ളു. എന്നാൽ, ചിന്തയുടെയും ഭാവനയുടെയും മണ്ഡലത്തിൽ മനുഷ്യവർഗത്തിനു കൈവന്നിട്ടുള്ള അത്യുന്നതസിദ്ധികളിൽ പലതും ഭാരതീയരുടെ സംഭാവനകളാണ്. അവയെപ്പററി മനസ്സിലാക്കുന്നതിനും, ആ മനസ്സിലാക്കലിലൂടെ ഉദ്ബുദ്ധമായ ദേശീയാഭിമാനം ഉൾക്കൊള്ളുന്നതിനും ജനതയ്ക്കു ലഭിക്കുന്ന ഒരവസരവും നിഷ്പ്രയോജനമല്ല.

കവിത, തത്ത്വചിന്ത, സംഗീതം, ചിത്രകല, നൃത്യം, അഭിനയം, വിദ്യാഭ്യാസം, സമൂഹസേവനം—അങ്ങനെ സംസ്കാരത്തിന്റെ വിഭിന്ന മണ്ഡലങ്ങളിൽ മഹാകവി രവീന്ദ്രനാഥ ടാഗോർ നേടിയ വിപുലങ്ങളായ ഉപലബ്ധികളെപ്പററി ഇത്തരമൊരു കുറിപ്പിൽ സംക്ഷിപ്തമായെങ്കിലും പ്രതിപാദിക്കുക അസാദ്ധ്യമാണ്. വർഷങ്ങളിലൂടെ നീണ്ടുപോകുന്ന ക്ഷമാപൂർവ്വമായ അധ്യയനം മാത്രമേ മഹാകവിയുടെ സഹസ്രമുഖമായ വ്യക്തിത്വത്തിന്റെ ഔജ്ജ്വല്യം നമുക്കു വെളിപ്പെടുത്തിത്തരുകയുള്ളു. ടാഗോർ ജീവിച്ചിരുന്ന കാലത്തു്, ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനു മുമ്പ്, അദ്ദേഹത്തിന്റെ കൃതികൾ മാത്രമടങ്ങിയ ഗ്രന്ഥശാലാവിഭാഗങ്ങൾ ഇന്ത്യയിലെ ചില കലാലയങ്ങളിലെങ്കിലും ഉണ്ടായിരുന്നതായി അറിയാം. ടാഗോർസാഹിത്യപഠനത്തിൽ സവിശേഷ താല്പര്യം പ്രദർശി

പ്പിച്ചിരുന്ന അദ്ധ്യാപകരും അന്നു കുറവായിരുന്നില്ല. ഇന്ത്യ സ്വാതന്ത്ര്യം നേടുകയും, പല നഗരങ്ങളിലും ടാഗോർ തിയേററുകളും പല സർവ കലാശാലകളിലും 'ടാഗോർ ചെയർ'കളും നിലവിൽവരുകയുംചെയ്തതി നുശേഷം, ഇപ്പോൾ നമ്മിൽ എത്ര പേർക്കുണ്ട് ടാഗോർ പ്രതിഭയിൽ സക്രിയവും അനുസ്യൂതവുമായ താല്പര്യം? ഇത്തരമൊരു വീണ്ടുവിചാര ത്തിലേക്ക വായനക്കാരിൽ ചിലരെയെങ്കിലും നയിക്കാൻ കഴിഞ്ഞാൽ, അതായിരിക്കും ഈ കുറിപ്പിന്റെ സാഫല്യം.

1941 ആഗസ്റ്റ് 7—ാം തീയതിയാണ്, എൺപതാം വയസ്സിൽ, മഹാകവി ടാഗോർ അന്തരിച്ചത്. അദ്ദേഹത്തിന്റെ കൃതികളിൽ, ബംഗാളിഭാഷയിലുള്ളവയുടെ പകർപ്പവകാശം വിശ്വഭാരതി സർവകലാശാലയ്ക്കാണ്; ഇംഗ്ലീഷ് വിവർത്തനങ്ങളിൽ മിക്കതിന്റെയും പകർപ്പവകാശം മാക്മില്ലൻ കമ്പനിക്കും. നിലവിലുള്ള പകർപ്പവകാശനിയമപ്രകാരം, മഹാകവിയുടെ മരണത്തിനുശേഷം അമ്പതു വർഷം കഴിയുമ്പോൾ, 1991 ആഗസ്റ്റ് 7—ാം തീയതി അദ്ദേഹത്തിന്റെ കൃതികൾ മനുഷ്യവർഗത്തിന്റെ പൊതുസ്വത്തായിത്തീരും. അന്നുമുതൽ, ആർക്കും പ്രതിഫലം നൽകാതെ അവ അച്ചടിച്ചു പ്രസിദ്ധീകരിക്കാനും വിററഴിക്കാനുമുള്ള നിയമപരമായ അവകാശം ലോകത്തിലെ എല്ലാ വ്യക്തികൾക്കും ഉണ്ടായിരിക്കും.

കച്ചവടസാദ്ധ്യതകൾ ഉൾക്കൊള്ളുന്നതായി കരുതപ്പെടുന്ന ഈ പ്രശ്നം, മഹാകവിയുടെ 125—ാം വാർഷികാഘോഷത്തെ തുടർന്ന്, പൊതുചർച്ചകൾക്ക് ഇടം കൊടുത്തിട്ടുണ്ട്. ടാഗോർ കൃതികളുടെ പകർപ്പവകാശം, 1991—നു ശേഷവും തങ്ങൾക്കുതന്നെ ആക്കിത്തരണമെന്ന് വിശ്വഭാരതി സർവകലാശാല ഏതാനും വർഷംമുമ്പ് ഇന്ത്യാഗവണ്മെൻറിനോട് ആവശ്യപ്പെട്ടിരുന്നു. മഹാകവിയുടെ പല കൃതികളും, ചുരുങ്ങിയതു് അവയിൽ പത്തെണ്ണമെങ്കിലും, ഇപ്പോൾ മാർക്കററിൽ കിട്ടാനില്ല. കൃതികൾ യഥാകാലം അച്ചടിച്ചു ചുരുങ്ങിയ വിലയ്ക്കു പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിനു കഴിവില്ലാത്ത വിശ്വഭാരതിക്ക് അവയുടെ പകർപ്പവകാശം തുടർന്നും നൽകുന്നതിൽ പല പ്രസാധകർക്കും പ്രതിഷേധമുണ്ട്. ഇന്ത്യാഗവണ്മെൻറ് ഈ പ്രശ്നത്തിൽ ഒരു തീരുമാനം ഇനിയും കൈക്കൊള്ളാത്തതിന്റെ കാരണം ഈ പ്രതിഷേധമാണത്രേ.

പകർപ്പവകാശം തങ്ങളുടെ കൈയിൽത്തന്നെ നിലനിർത്തുകയെന്ന ആശയം വിശ്വഭാരതിക്ക് ഉളവായതു് ഐക്യരാഷ്ട്ര വിദ്യാഭ്യാസ—ശാസ്ത്ര—സംസ്കാര—സംഘടന(യുനെസ്കോ)യുടെ ഒരു നിർദേശത്തിൽ നിന്നാണ്. സാധാരണതത്വത്തിൽനിന്ന് ഉയർന്നു്, രാഷ്ട്രത്തിന്റെയാകെ സമ്പത്തായി പരിഗണിക്കപ്പെടുന്ന ചില സാഹിത്യകാരന്മാർ ഉണ്ടല്ലോ. ഇവരുടെ കൃതികൾ, അവരുടെ മരണാനന്തരവർഷങ്ങളിൽ ആവശ്യംപോലെ എല്ലാവർക്കും ലഭ്യമാക്കുന്നതിനായി, അതാതു രാഷ്ട്രങ്ങളോ, അവ രൂപവൽക്കരിക്കുന്ന ട്രസ്റ്റുകളോ, ഈ കൃതികളുടെ പകർപ്പവകാശം സ്ഥിരമായി കൈവശംവയ്ക്കുകയും, ഇവയുടെ ഉയർന്ന നിലവാരം പുലർത്തുന്ന പതിപ്പുകൾ നിരന്തരമായി പ്രസിദ്ധീകരിക്കുകയുംചെയ്യണമെന്ന് അഞ്ചുവർഷം മുമ്പ് യുനെസ്കോ നിർദേശിച്ചിരുന്നു. കൃതികളുടെ വിശുദ്ധിയും പ്രസിദ്ധീകരണങ്ങളുടെ നിലവാരവും സംരക്ഷിക്കപ്പെടുന്നതിനും, കൃതികൾ എതു കാലത്തും ആവശ്യക്കാർക്ക ചുരുങ്ങിയ വിലയ്ക്കു കിട്ടുമാറാക്കുന്നതിനുമാണ് യുനെസ്കോ ഈ നിർദ്ദേശം ഉന്നയിച്ചതു്. ലാഭത്തിൽമാത്രം കണ്ണുള്ള വ്യാപാരികൾക്കു തോന്നിയപോലെ ഈ കൃതികൾ അടിച്ചിറക്കാമെങ്കിൽ, അവരുടെ ലാഭമാത്രദൃഷ്ടിയോടെയുള്ള പതിപ്പുകളിൽ മുമ്പു പറഞ്ഞ ലക്ഷ്യങ്ങൾ പാലിക്കപ്പെടുമെന്നു പ്രതീക്ഷിച്ചുകൂടല്ലോ.

ടാഗോറിന്റെ പേരു് ദേശീയപ്രാധാന്യമുള്ള സാഹിത്യകാരന്മാരുടെ പട്ടികയിൽപ്പെടുത്തണമെന്നു്, രണ്ടു വർഷംമുമ്പു് ദില്ലിയിൽച്ചേർന്ന യുനെസ്കോ കോൺഫറൻസിൽ വിശ്വഭാരതിയുടെ ഒരു പ്രതിനിധി നിർദേശിച്ചു. പക്ഷേ, ഇതു സംബന്ധിച്ച ഒരു തീരുമാനം അന്നു കൈക്കൊള്ളുകയുണ്ടായില്ല. ഓരോ രാഷ്ട്രവും ഒരു സാഹിത്യകാരനു മാത്രമേ 'ദേശീയ പ്രാധാന്യം' നൽകാവൂ എന്നായിരുന്നു പൊതുവെയുള്ള അഭിപ്രായഗതി. ഇന്ത്യയാണെങ്കിൽ, സ്വാമി വിവേകാനന്ദനെ ദേശീയ പ്രാധാന്യമുള്ള സാഹിത്യകാരനായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുമുണ്ടായിരുന്നു. വിവേകാനന്ദകൃതികൾ പ്രസിദ്ധീകരിച്ചു കിട്ടുന്ന റോയൽററി ധർമകാര്യങ്ങൾക്കു ചെലവഴിക്കണമെന്ന നിർദേശത്തോടെ, അവയുടെ പകർപ്പവകാശം ശ്രീരാമകൃഷ്ണമിഷനു് ഇന്ത്യാഗവണ്മെൻറു് ശാശ്വതമായി നൽകിയിരിക്കുകയാണു്. ഈ നിലയ്ക്കു്, മറെറാരു സാഹിത്യകാരനുകൂടി 'ദേശീയപ്രാധാന്യം' കല്പിക്കാനും, അദ്ദേഹത്തിന്റെ കൃതികളിലുള്ള പകർപ്പവകാശം ഏതെങ്കിലും സ്ഥാപനത്തിനു സ്ഥിരമായി നൽകാനും ഇന്ത്യാഗവണ്മെൻറിനു കഴിയുമോ എന്ന പ്രശ്നം ഇനിയും ഉത്തരം കാണാതെ അവശേഷിക്കുന്നു.

ടാഗോർ കൃതികളുടെ പകർപ്പവകാശം വിശ്വഭാരതിക്കു് എന്നെന്നേക്കുമായി നൽകുവാൻ ഇന്ത്യാഗവണ്മെൻറു് തീരുമാനിച്ചാൽ, ഈ ആവശ്യത്തിനായി പാർലമെൻറിൽ ഒരു ബില്ലു് അവതരിപ്പിച്ചു പാസ്സാക്കേണ്ടിവരും. പകർപ്പവകാശനിയമങ്ങളുടെ അടിസ്ഥാനം അന്താരാഷ്ട്രീയ കരാറുകളാകയാൽ, മററു രാഷ്ട്രങ്ങളുമായി ഈ പ്രശ്നം ചർച്ചചെയ്യേണ്ടതായുംവന്നേക്കാം.

ഇതിനിടയ്ക്കു് 1991 ആഗസ്റ്റിൽ ടാഗോർ കൃതികൾ ബംഗാളിഭാഷയിൽ സമഗ്രമായി പ്രസിദ്ധീകരിക്കുന്നതിനു് കല്ക്കത്തയിലെ പുസ്തകപ്രകാശകർ ശ്രമം തുടങ്ങിയതായി അറിയുന്നു. ഇവയുടെ ഇംഗ്ലീഷ് പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിൽ ദില്ലിയിലെ പുസ്തകപ്രകാശകർക്കും താല്പര്യമുണ്ടു്. ഇരുകൂട്ടരും, ഈ പ്രശ്നത്തിൽ ഇന്ത്യാഗവണ്മെൻറു്, ഒടുവിൽ, എന്തു തീരുമാനിക്കുന്നു എന്നറിയാൻ അക്ഷമരായിരിക്കുകയാണു്.

ഷേക്സ്പിയറുടെ കൃതികളുടെ പ്രസിദ്ധീകരണം സംബന്ധിച്ചു്, സ്ട്രാററ്ഫോർഡിലെ ഷേക്സ്പിയർ സൊസൈററിക്കു് ബ്രിട്ടീഷ് ഗവണ്മെൻറു് നൽകിയ തരത്തിൽ ചില അധികാരങ്ങൾ ടാഗോർ കൃതികളുടെ പ്രസിദ്ധീകരണകാര്യത്തിൽ വിശ്വഭാരതിക്കു നൽകുകയാണു നല്ലതെന്നത്രേ, സ്വാധീനമുള്ള മറെറാരു അഭിപ്രായഗതി. ഷേക്സ്പിയർ സൊസൈററിയുടെ അധികാരങ്ങൾ, നിയമത്തിലൂടെയെന്നതിലേറെ സർവസമ്മതത്തിലൂടെ (കൺവെൻഷൻ) കൈവന്നവയാണു്. ഇവയനുസരിച്ചു്, ഷേക്സ്പിയറുടെ കൃതികൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നവർ, തങ്ങൾ തിരഞ്ഞെടുത്ത പാഠവും (ടെക്സ്ററു്) വ്യാഖ്യാനവും (അനോട്ടേഷൻ) ഷേക്സ്പിയർ സൊസൈററിക്കു സമർപ്പിക്കണം. സൊസൈററിയുടെ അംഗീകാരം സിദ്ധിച്ചശേഷമേ ഇവ പ്രസിദ്ധീകരിക്കാവൂ. ഇത്തരമൊരു സർവസമ്മതം ടാഗോർ കൃതികളുടെ കാര്യത്തിലും ഉണ്ടാകുന്നപക്ഷം, പ്രസിദ്ധീകരിക്കുന്നതിനു മുമ്പു് 'പാഠം' അംഗീകരിക്കാൻ ഒരു വിദഗ്ധസംഘടന പുതുതായി ഉണ്ടാക്കേണ്ടിവരും. കാരണം, ടാഗോർ കൃതികളുടെ പല പ്രകാശകരിൽ ഒന്നുമാത്രമായിരിക്കുമല്ലോ വിശ്വഭാരതി സർവകലാശാല. തങ്ങളുടെ സഹ—പ്രകാശകരെ തിരുത്താനോ, വിമർശിക്കാനോ അവർക്കെന്തധികാരം?

വിശ്വഭാരതി പ്രസിദ്ധീകരിച്ച ടാഗോർ കൃതികൾ വിലകുറച്ചു പുനഃപ്രസിദ്ധീകരിക്കാൻ ഇന്ത്യാഗവണ്മെൻറിനു് ഉദ്ദേശമുണ്ടത്രേ. ഈ പുനഃ

പ്രസിദ്ധീകരണങ്ങൾക്ക വിപുലമായ സ്വാഗതം ലഭിക്കാതിരിക്കുകയില്ല.

ടാഗോർ കൃതികൾ സമഗ്രമായി വിവർത്തനംചെയ്ത് 1991–ൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ഇപ്പോഴേ ശ്രമം ആരംഭിച്ചുകൂടേ? മലയാളത്തിലെ ഒരു പ്രമുഖ പ്രകാശകനോട് ഈ പ്രശ്നം ഞാൻ ഉന്നയിക്കുകയുണ്ടായി. 'ഇക്കാര്യം ഞാൻ ആലോചിക്കായ്കയല്ല. പക്ഷേ, എത്ര മലയാളികൾ ഈ കൃതികൾ വാങ്ങും? സർഗാത്മക സാഹിത്യകൃതികളുടെ വില്പന മലയാളത്തിൽ കുറഞ്ഞുവരികയാണ്'. മുടക്കിയ മുതൽ തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ലാതെ, വലിയ മൂലധനനിക്ഷേപം വേണ്ടിവരുന്ന ഈ പ്രവർത്തനത്തിൽ എങ്ങനെ പ്രവേശിക്കും?' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ശരി. പക്ഷേ, കേരള സാഹിത്യഅക്കാദമിക്ക് ഈ ചുമതല ഏറ്റെടുത്തുകൂടേ? മൂലധനപ്രശ്നം അവരെ അലട്ടേണ്ടതില്ലല്ലോ.

(22 മെയ്, 1986)

# 37. പഞ്ചാബ് ഏടാകൂടം

അനുദിനം അധികാധികം വഷളായിവരുന്ന പഞ്ചാബിലെ ക്രമസമാധാനനിലയെപ്പററി ആലോചിക്കുന്നതിന്, പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും രാഷ്ട്രീയകക്ഷിനേതാക്കളും അംഗങ്ങളായുള്ള നാഷണൽ ഇൻടെഗ്രേഷൻ കൗൺസിലിന്റെ ഒരു അടിയന്തരയോഗം ഏപ്രിൽ 7–ാം തീയതി ദില്ലിയിൽ ചേരുകയുണ്ടായി. 'അക്രമത്തെ അമർച്ചചെയ്യുന്നതിൽ നാം അമാന്തം വരുത്തിക്കൂടാ. നമ്മുടെ ഐക്യത്തേയും അഖണ്ഡതയേയും ബലത്തേയും പുരോഗതിയേയും തുരങ്കംവെക്കുന്ന ശക്തികളാണ് ആയുധമോ, പണമോ നൽകി അക്രമത്തെ പ്രോത്സാഹിപ്പിക്കുന്നത്. അതിർത്തിക്കപ്പുറത്തു് ഉത്ഭവിക്കുന്ന ഏതു് അട്ടിമറിശ്രമത്തേയും നാം നേരിടുകതന്നെവേണം' എന്ന് ഈ യോഗത്തിൽ പ്രധാനമന്ത്രി പ്രസ്താവിച്ചു. പാകിസ്ഥാന്റെ പ്രചോദനത്തോടെയും ശിക്ഷണത്തോടെയും സാമ്പത്തികസഹായത്തോടെയും പഞ്ചാബ് ഗവൺമെൻറിനെതിരായി ഏതാനും സിഖ് യുവജനങ്ങൾ നടത്തിവരുന്ന അക്രമപ്രവർത്തനങ്ങൾ ഇന്ത്യയുടെ അഖണ്ഡതയ്ക്കു ഭീഷണിയായിക്കഴിഞ്ഞിട്ടുണ്ടെന്ന് പ്രധാനമന്ത്രി തുറന്നുപറഞ്ഞു. എല്ലാ രാഷ്ട്രീയകക്ഷികളുടേയും സഹകരണത്തോടെ ദേശീയോദ്ഗ്രഥനപ്രചാരണം പഞ്ചാബിലും പരിസരങ്ങളിലും ശക്തിപ്പെടുത്തുന്നതിനു കൗൺസിൽ തീരുമാനിക്കുകയുംചെയ്തു.

പഞ്ചാബിൽനിന്ന് അക്രമപ്രവർത്തനങ്ങൾ ദില്ലിയിലേക്കു വ്യാപിക്കുമെന്ന ശങ്ക ഭരണവൃത്തങ്ങളിൽ പരന്നുകഴിഞ്ഞിട്ടുള്ളതായി പത്രങ്ങൾ റിപ്പോർട്ട്ചെയ്തിട്ടുണ്ട്. അക്രമങ്ങൾ പൊട്ടിപ്പുറപ്പെടുന്നപക്ഷം അവ ഉടൻ അടിച്ചമർത്തുന്നതിനു് ദില്ലിയിലെ പോലീസ്സേന കൈക്കൊണ്ടുകഴിഞ്ഞിട്ടുള്ള കരുതൽ നടപടികൾ സംബന്ധിച്ച വിശദവിവരങ്ങളും പത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ആറുമാസം മുമ്പ് സുർജിത്സിംഹ് ബർണാലയുടെ നേതൃത്വത്തിലുള്ള അകാലി പാർട്ടി ഗവൺമെൻറ് അധികാരത്തിൽ വന്നതിനെത്തുടർന്ന് പഞ്ചാബിൽ സമാധാനം സ്ഥാപിക്കപ്പെടുമെന്നായിരുന്നു പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. ഇപ്പോൾ കേന്ദ്രഭരണത്തിലുള്ള ചണ്ഡീഗഢ് നഗരം പഞ്ചാബ്സ്റ്റേററിനു വിട്ടുകൊടുക്കുക, പഞ്ചാബിലുള്ള ഹിന്ദി